# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2333** **08.05.2017 ൽ മറുപടിയ്ക്ക്**

**ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ആർ.എം. എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ ഏതെല്ലാം എന്ന് അപ്ഗ്രേഡ് ചെയ്യപ്പെട്ട വർഷം സഹിതം ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | എ) 2009-10, 2010-2011, 2011-12 വർഷങ്ങളിൽ യഥാക്രമം 60, 36, 16 ഗവൺമെൻറ് യു.പി. സ്കൂളുകളാണ് ആർ.എം.എസ്.എ.പദ്ധതി പ്രകാരം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യത്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ ജി.യു.പി.എസ്.പാലൂർ കുട്ടികളുടെ അപര്യാപ്തതമൂലം തുടങ്ങിയിട്ടില്ല. |
| ബി) ഇങ്ങനെ അപ്ഗ്രേഡ് ചെയ്യപ്പെട്ട ഹൈസ്കൂളുകളിൽ പലതിലും ഗസ്റ്റ് അദ്ധ്യാപകർ മാത്രമാണ് അദ്ധ്യാപനത്തിനായി ഉണ്ടായിരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടുത്ത അക്കാദമിക് വർഷമെങ്കിലും ഇതിന് മാറ്റം വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) ആർ.എം.എസ്.എ പദ്ധതി പ്രകാരം ഒരു എച്ച്.എം നും, അഞ്ച് എച്ച്.എസ്.എ മാർക്കും മാത്രമാണ് ഒരു ആർ.എം.എസ്.എ സ്കൂളിൽ എം.എച്ച് ആർ.ഡിയിൽ നിന്നും ശമ്പളയിനത്തിൽ തുക ലഭിക്കുന്നത്. ആയതിനാൽ ബാക്കിയുള്ള വിഷയങ്ങൾ ഗസ്റ്റ് അദ്ധ്യാപകരാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ 07/10/2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.173/2016/പൊ.വി.വ പ്രകാരം എല്ലാ ആർ എം.എസ്.എ സ്കൂളുകളും സർക്കാർ സ്കൂളുകളായി പുന: നാമകരണം ചെയ്തിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം ആർ.എം. എസ്.എ സഹായത്തോടെയുള്ള സർക്കാർ സ്കൂളുകളിലെ എല്ലാ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളും സർക്കാർ സ്കൂളിലേത്പോലെ പരിഗണിച്ച് നിയമന നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| സി) ഹൈസ്കൂളുകളായി ഉയർത്തപ്പെട്ട സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപ വീതമാണ് ആർ.എം.എസ്.എ യിൽ നിന്നും അനുവദിക്കുന്നത്; ഇതനുസരിച്ച് എത്ര സ്കൂളുകൾക്ക് ഈ ഫണ്ടനുവദിച്ചു; അവയുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഓരോ സ്കൂളിലെയും കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | സി) ഒരു സ്കൂളിന് 58.12 ലക്ഷം രൂപയാണ് ആർ.എം.എസ്.എ.യിൽ നിന്നും അനുവദിക്കുന്നത്. ആദ്യ ഘട്ടത്തിലുള്ള 59 സ്കൂളുകളിൽ നിർമാണ പ്രവർത്തനം അവസാന ഘട്ടത്തിലായ 38 സ്കൂളു ക ൾക്ക് മുഴുവൻ തുകയും ആർ.എം.എസ്.എ യിൽ നിന്നും നൽ കിയിട്ടു ണ്ട് .ടി സ്കൂളുകളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. ഈ സ്കൂളുകളിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഫ്ളോറിംഗ്, പെയിന്റിംഗ് എന്നീ പണികളാണ് ഇനിയും പൂർത്തിയാകാൻ ഉള്ളത്. രണ്ടാം ഘട്ടത്തിലെ 52 (36+16) സ്കൂളുകൾക്ക് ആദ്യഗഡുവായി സ്കൂളൊന്നിന് 20 ലക്ഷം രൂപ നിർമ്മാണ പ്രവർത്തന ത്തനങ്ങൾക്കായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. ടി സ്കൂളുകളുടെ പട്ടിക അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഫണ്ട് ഇനിയും അനുവദിക്കാത്ത സ്കൂളുകൾ സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടങ്ങളിൽ കെട്ടിടനിർമ്മാണത്തിൽ അടിയന്തിരമായി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | സ്ഥല പരിമിതിമൂലം ബുദ്ധിമുട്ട് നേരിട്ടിരുന്ന പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്. കുഴൽമന്ദം സ്കൂളിന് ഇപ്പോൾ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ